Day 32 of 90 days ✝✝✝ 26th November 2017

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ജീവിതത്തിലെ ഏററവും പ്രധാനമായ കാര്യങ്ങൾ ബാഹ്യമായവയല്ല, പണമോ വസ്ത്രമോ വീടോ യാതൊന്നുമല്ല. അവ ആത്മീയാനുഗ്രഹത്തിന്റെ ലക്ഷണങ്ങളുമല്ല. അവ എവിടെയും ലഭിക്കുന്നതാണ്. എന്നാൽ ജീവിതത്തിലെ സന്തോഷം, സമാധാനം, മാനസ്സികസ്വസ്ഥത, നിത്യജീവൻ തുടങ്ങിയവയാണ് ജീവിതത്തിലെ പ്രധാന ആത്മീയ കാര്യങ്ങൾ. അവ മറെറാരിടത്തു നിന്നും ലഭിക്കുകയില്ല. പണത്താൽ അവ വാങ്ങുവാൻ സാദ്ധ്യമല്ല. വസ്ത്രമോ വീടോ പ്രശസ്തിയോ ഒന്നും തന്നെ നമുക്ക് നിത്യജീവനെ പ്രദാനം ചെയ്യുകയില്ല. അവ ദൈവത്തിൽ നിന്നു മാത്രം ലഭിക്കുന്നവയാണ്. അവയാണ് ജീവിതത്തിലെ എററവും പ്രധാന വസ്തുത. അതാണ് നമുക്കു ദൈവം നൽകുന്നതും ആത്മീയാനുഗ്രഹത്തിന്റെ പ്രധാന ലക്ഷണവും.

യഹോവ ഇടയനായിരിക്കുന്നവർക്ക് സമാധാനത്തിന് ഒരു മുട്ടുണ്ടാകയില്ല. സമാധാനം അവരുടെ അവകാശമാണ്. നമ്മുടെ നല്ല ഇടയനായ യേശു പറഞ്ഞത്, 'എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് നൽകുന്നു. ലോകം നൽകുന്നതു പോലെയല്ല' എന്നതാണ്. അത് ലോകത്തിന് നൽകുവാനോ എടുക്കുവാനോ കഴിയുകയില്ല എന്നതാണ് അതിന്റെ വിശേഷത. അത് സ്വർഗ്ഗീയ സമാധാനമാണ്. യേശു സമാധാനത്തിന്റെ പ്രഭുവാണ്. അവൻ നൽകുന്ന സമാധാനം നിത്യവും ശ്വാശ്വതവുമാണ്. ഈ സമാധാനത്തിനുള്ള വ്യക്തി എത്രയോ അനുഗ്രഹിക്കപ്പെട്ടതാണ്.

ഈ ലോകത്തിൽ എന്തും സംഭവിക്കട്ടെ. നമുക്ക് എന്തെങ്കിലും ഉണ്ടായിരിക്കുകയോ ഇല്ലാതിരിക്കുകയോ ചെയ്യട്ടെ – ഈ സമാധാനം നമ്മെ സുരക്ഷിതരായും സംതൃപ്തരായും കാക്കുന്നു. ഇത് സകലബുദ്ധിയേയും കവിയുന്ന സമാധാനം ആണ്. എല്ലാ മക്കളും സകല സമ്പത്തും ആരോഗ്യവും നഷ്ടപ്പെട്ട ഇയ്യോബിന് ' യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറകട്ടെ' എന്നു പറയുവാൻ പ്രേരിപ്പിച്ച സമാധാനമാണത്. യോസഫിനെ കാരാഗൃഹത്തിൽ നിലനിർത്തിയ സമാധാനമാണത്. യിരമ്യാവിനെ ചെളിയിൽ നിലനിർത്തിയ സമാധാനമാണത്. എബ്രായ ബാലന്മാരെ തീച്ചൂളയിൽ നടക്കുവൻ പ്രാപ്തരാക്കിയ സമാധാനമാണത്. ദാനിയേലിനെ സിംഹത്തിന്റെ ഗുഹയിൽ ഉറങ്ങുവാൻ സഹായിച്ച സമാധാനമാണത്.

തുടരും....